DESPATCHED
On...08/06/2020

4/03/2020



# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം-695 001
Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920
Email: sic.ker@nic.in

ഹർജി നമ്പർ **AP 957(6)/2016/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.2097/SIC-Gen5/2016**

സന്നിഹിതൻ
ശ്രീ. വിൻസൻ എം.പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീ. സുഭാഷ് കെ.,
കേലത്ത് വീട്
എടയൂർ നോർത്ത് പി.ഒ.,
വളാഞ്ചേരി വഴി, മലപ്പുറം - 676 552. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & വില്ലേജ് ഓഫീസർ, എടയൂർ വില്ലേജ് ഓഫീസ്, മലപ്പുറം.
2. അപ്പീൽ അധികാരി & തഹസിൽദാർ, താലൂക്ക് ഓഫീസ്, തിരൂർ, മലപ്പുറം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 10.12.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 23.1.2016 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 16.1.2016 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 16.2.2016 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 20.2.2016 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 24.2.2016 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 4.3.2016 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 22.3.2016 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 3.3.2020, വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, മലപ്പുറം |
| ഹിയറിംഗ് സാന്നിദ്ധ്യം : | ഒന്നാം എതിർകക്ഷി ഹാജരായി. അപ്പീൽ ഹർജിക്കാരൻ ഹാജരുണ്ടായില്ല. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. സുഭാഷ് കെ., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പ് ഒന്നാം എതിർകക്ഷി നൽകിയില്ലെന്നും ആയതിനാൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെങ്കിലും ആയതു പ്രകാരവും യാതൊരു വിവരവും ലഭിച്ചിട്ടില്ലെന്നും മറ്റുമാണ്.

OK

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, ചീനിച്ചോട് അമ്പലത്തിന് സമീപം സർവ്വെ നമ്പർ 181-ൽ ശ്രീ.മണികണ്ഠൻ എന്നയാൾ അനധികൃതമായി വീട് നിർമ്മിക്കുന്നതിനെതിരെ കൃഷി ഓഫീസർ, എടയൂർ വില്ലേജ് ഓഫീസിലേക്ക് അയച്ച കത്തിൽ സ്വീകരിച്ച നടപടി ക്രമങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് നൽകണമെന്നാണ്. മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, 30.12.2015 ലെ അപേക്ഷ പ്രകാരം തിരൂർ ആർ.ഡി.ഒയുടെ എഫ്.10835/15 നമ്പർ കത്ത് പ്രകാരം സ്ഥല പരിശോധന നടത്തിയതിൽ എടയൂർ അംശം സർവ്വെ നമ്പർ 181-ൽപ്പെട്ട നഞ്ച ഭൂമിയിൽ ശ്രീ. മണികണ്ഠൻ എന്നയാൾ വീട് നിർമ്മിച്ചതായും മേൽപ്പടി നിർമ്മാണം നിറുത്തി വയ്ക്കുന്നതിന് 4 വർഷം മുമ്പ് സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുള്ളതായും അന്വേഷണത്തിൽ അറിയുന്നു എന്നും എന്നാൽ വില്ലേജ് രജിസ്റ്ററുകൾ പരിശോധിച്ചതിൽ മേൽപ്പടി സ്റ്റോപ്പ് മെമ്മോയുടെ പകർപ്പ് ലഭ്യമല്ലാത്തതിനാൽ ഇപ്പോഴത്തെ വില്ലേജ് ഓഫീസർ വീണ്ടും സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുള്ളതാണെന്നും ആയതിന്റെ പകർപ്പ് ലഭിക്കുന്നതിന് ഫീസ് ഒടുക്കി രസീത് ഹാജരാക്കേണ്ടതാണെന്നുമാണ്. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാൻ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പ് ഒന്നാം എതിർകക്ഷി നൽകിയിട്ടില്ലെന്നാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, എടയൂർ വില്ലേജിൽ എടയൂർ അംശം റീസർവ്വെ 181-ൽപ്പെട്ട നഞ്ച ഭൂമിയിൽ 6 വർഷം മുമ്പ് ശ്രീ. മണികണ്ഠൻ എന്നയാൾ വീട് നിർമ്മാണം തുടങ്ങിയതായും മേൽപ്പടി പ്രവൃത്തി നിറുത്തി വയ്ക്കുന്നതിന് അന്നത്തെ വില്ലേജ് ഓഫീസർ നൽകിയ സ്റ്റോപ്പ് മെമ്മോയുടെ പകർപ്പ് വില്ലേജ് ഓഫീസ് രേഖകൾ പരിശോധന നടത്തിയതിൽ ലഭ്യമായിട്ടില്ലെന്നും ഒന്നാം എതിർകക്ഷി അറിയിച്ചിരുന്നു എന്നും മേൽപ്പടി സാഹചര്യത്തിൽ 2.1.2016 തീയതി വില്ലേജ് ഓഫീസർ വീണ്ടും സ്റ്റോപ്പ് മെമ്മോ നൽകിയതായും ആയതിന്റെ പകർപ്പ് കൈപ്പറ്റുന്നതിനായി 6.1.2016 തീയതി ഹർജിക്കാരന് കത്തയച്ചിരുന്നതായും ഒന്നാം എതിർകക്ഷി അറിയിച്ചിട്ടുണ്ടെന്നുമാണ്.

3. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ ഈ അപ്പീൽ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ തന്നെയാണ് എ.പി.503(2)/16/എസ്.ഐ.സി-യിലും തീർപ്പാക്കിയിരുന്നതെന്നും ആയത് സംബന്ധിച്ച ഉത്തരവ് കമ്മീഷൻ 24.3.2018 തീയതി പുറപ്പെടുവിച്ചിട്ടുള്ളതാണെന്നും കാണുന്നു. ആയതിനാൽ ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 മാർച്ച് 4-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്

വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

bnk